**മധുരമായ കുട്ടികളേ - സദാ ബാബയുടെ ഓർമ്മയുടെ ചിന്തനവും ജ്ഞാനത്തിന്റെ വിചാരസാഗരമനനവും ചെയ്യുകയാണെങ്കിൽ പുതിയ പുതിയ പോയിന്റുകൾ ലഭിച്ചുകൊണ്ടിരിക്കും, സന്തോഷത്തിലിരിക്കാം.**

**ചോദ്യം:-** ഈ ഡ്രാമയിൽ ഏറ്റവും വലിയ അത്ഭുതം ആരുടേതാണ്? എന്തുകൊണ്ട്?
**ഉത്തരം:-** 1. ഏറ്റവും വലിയ അത്ഭുതം ശിവബാബയുടേതാണ്, കാരണം ബാബ നിങ്ങളെ സെക്കന്റിൽ ബുദ്ധിവാനാക്കിമാറ്റുന്നു. ഇങ്ങനെയുള്ള പഠിപ്പ് പഠിപ്പിക്കുന്നു ഇതിലൂടെ നിങ്ങൾ മനുഷ്യനിൽ നിന്ന് ദേവതയായി മാറുന്നു. ലോകത്തിൽ ഇങ്ങനെയുള്ള പഠിപ്പ് ബാബയ്ക്കല്ലാതെ മറ്റാർക്കും പഠിപ്പിക്കാൻ സാധിക്കില്ല. 2. ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം നൽകി അന്ധകാരത്തിൽനിന്നും പ്രകാശത്തിലേയ്ക്ക് കൊണ്ടുവരിക, വീഴ്ച്ചകളിൽനിന്ന് രക്ഷപ്പെടുത്തുക. ഇത് ബാബയുടെ ജോലിയാണ്. അതുകൊണ്ട് ബാബയെപ്പോലെ അത്ഭുതകരമായ കാര്യം ചെയ്യാൻ മറ്റാർക്കും സാധിക്കില്ല.

**ഓം ശാന്തി**. ആത്മീയ അച്ഛൻ ദിവസവും കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു കുട്ടികൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയിൽനിന്നും കേൾക്കുന്നു. എങ്ങിനെയാണോ ബാബ ഗുപ്തമായിരിക്കുന്നത് അതുപോലെ ജ്ഞാനവും ഗുപ്തമാണ്. ആത്മാവ് എന്താണ്, പരമപിതാ പരമാത്മാവ് ആരാണ് എന്നത് ആർക്കും മനസ്സിലാക്കാൻ സാധിക്കില്ല. നിങ്ങൾ കുട്ടികൾക്ക് ഉറച്ച വിശ്വാസം വരണം നാം ആത്മാക്കളാണ്. ബാബ നമ്മൾ ആത്മാക്കളെ കേൾപ്പിക്കുന്നു. ഇത് ബുദ്ധികൊണ്ട് മനസ്സിലാക്കുകയും പ്രവർത്തിയിൽ കൊണ്ടുവരികയും വേണം. ബാക്കി ജോലി മുതലായവ ചെയ്യുകതന്നെ വേണം. ആരെങ്കിലും വിളിക്കുകയാണെങ്കിൽ പേരെടുത്തുതന്നെയാണ് വിളിക്കുക. നാമരൂപത്തിലായിരിക്കുമ്പോഴാണ് സംസാരിക്കുവാൻ സാധിക്കുന്നത്. എന്തുവേണമെങ്കിലും ചെയ്യാൻ സാധിക്കും. കേവലം ഇത് ഉറപ്പിക്കണം ഞാൻ ആത്മാവാണ്. മഹിമ മുഴുവൻ നിരാകാരന്റേതാണ്. സാകാരത്തിൽ ദേവതകൾക്ക് മഹിമ ഉണ്ടെങ്കിലും അവരെപ്പോലും മഹിമക്ക് യോഗ്യരാക്കിയത് ബാബയാണ്. മഹിമക്ക് യോഗ്യരായിരുന്നു, ഇപ്പോൾ വീണ്ടും മഹിമക്ക് യോഗ്യരാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നിരാകാരന്റേയും മഹിമയുണ്ട്. ബാബയ്ക്ക് എത്ര മഹിമയുണ്ടെന്നും, എത്ര സേവനം ചെയ്യുന്നുണ്ടെന്നും ചിന്തിക്കണം. ബാബ സമർത്ഥനാണ്, ബാബയ്ക്ക് എല്ലാം ചെയ്യാൻ സാധിക്കും. നമ്മൾ വളരെ കുറച്ച് മഹിമയാണ് ചെയ്യുന്നത്. ബാബയ്ക്ക് വളരെയധികം മഹിമയുണ്ട്. ഇസ്ലാമികർ പറയാറുണ്ട് അല്ലാഹു ഇങ്ങനെ കല്പ്പിച്ചിരുന്നു... ഇപ്പോൾ ആരുടെ മുന്നിലാണ് കല്പ്പിക്കുന്നത്? ഇപ്പോൾ ആരാണോ മനുഷ്യരിൽനിന്ന് ദേവതയാകുന്നത് ആ കുട്ടികളുടെ മുന്നിലാണ് ആജ്ഞാപിക്കുന്നത്. അല്ലാഹു ആജ്ഞാപിച്ചത് ആർക്കെങ്കിലും വേണ്ടിയായിരിക്കുമല്ലോ. നിങ്ങൾ കുട്ടികൾക്കുതന്നെയാണ് മനസ്സിലാക്കിത്തരുന്നത്. ഇത് ആർക്കും തന്നെ അറിയില്ല. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായിട്ടുണ്ട് ഈ ജ്ഞാനവും ഗുപ്തമാകും. ബൗദ്ധികളും പറയുന്നുണ്ട് ക്രിസ്ത്യൻസും പറയുന്നുണ്ട്. പക്ഷേ എന്തു കല്പിച്ചു ഇതാർക്കും അറിയില്ല. ബാബ കുട്ടികൾക്ക് അല്ലാഹുവിനേയും സമ്പത്തിനേയും മനസ്സിലാക്കിത്തരികയാണ്. ആത്മാവിന് ബാബയുടെ ഓർമ്മ മറക്കാൻ സാധിക്കില്ല. ആത്മാവ് അവിനാശിയാണ് ഓർമ്മയും അവിനാശിയാണ്. ബാബയും അവിനാശിയാണ്. പറയാറുണ്ട് അല്ലാഹു ഇങ്ങനെ കല്പിച്ചിരുന്നു പക്ഷേ അതാരാണ്, എന്തു പറഞ്ഞിരുന്നു, ഇതൊന്നും അറിയില്ല. അല്ലാഹു കല്ലിലും മുള്ളിലും ഉണ്ടെന്ന് പറയുമ്പോൾ പിന്നെ എന്തെറിയാനാകുമോ? ഭക്തിമാർഗ്ഗത്തിൽ പ്രാർത്ഥന ചൊല്ലാറുണ്ട്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു ആരെല്ലാം വരുന്നുവോ അവർക്കെല്ലാം സതോ, രജോ, തമോയിൽ വരികതന്നെ വേണം. ക്രിസ്തു ബുദ്ധൻ തുടങ്ങി ആരെല്ലാം വരുന്നുവോ, അവരുടെ പിന്നാലെ എല്ലാവർക്കും ഇറങ്ങിവരണം. കയറുന്നതിന്റെ കാര്യം തന്നെയില്ല. ബാബ തന്നെയാണ് വന്ന് എല്ലാവരേയും കയറ്റുന്നത്. സർവ്വരുടേയും സദ്ഗതിദാതാവ് ഒരാളാണ്. മറ്റാരും സദ്ഗതി ചെയ്യാൻ വരുന്നില്ല. മനസ്സിലാക്കൂ ക്രിസ്തു വന്ന് ആർക്കാണ് മനസ്സിലാക്കിക്കൊടുക്കുക, ഈ കാര്യങ്ങൾ മനസ്സിലാക്കാൻ നല്ല ബുദ്ധി വേണം. പുതിയ പുതിയ യുക്തികൾ രചിക്കണം. പ്രയത്നിക്കണം, രത്നങ്ങൾ വരണം അതുകൊണ്ട് ബാബ പറയുന്നു വിചാരസാഗരമഥനം ചെയ്ത് എഴുതൂ, പിന്നീട് വായിക്കൂ എന്തെല്ലാം വിട്ടുപോയിട്ടുണ്ട് എന്ന് പരിശോധിക്കു. ബാബയുടെ പാർട്ട് എന്താണോ അത് നടന്നുകൊണ്ടിരിക്കും. ബാബ കൽപം മുമ്പേയുള്ള ജ്ഞാനം കേൾപ്പിക്കുന്നു. കുട്ടികൾക്കറിയാം അതായത് ആരെല്ലാമാണോ ധർമ്മം സ്ഥാപിക്കാൻ വരുന്നത് അവരുടെ പിന്നിൽ അവരുടെ ധർമ്മത്തിലുള്ളവർക്കും താഴേക്കിറങ്ങണം. അവർ എങ്ങനെ ആരെയെങ്കിലും കയറ്റും. ഏണിപ്പടിയിൽ താഴെ ഇറങ്ങുക തന്നെ വേണം. ആദ്യം സുഖം, പിന്നെ ദുഃഖം. ഈ നാടകം വളരെ നന്നായി ഉണ്ടാക്കിയിട്ടുണ്ട്. വിചാരസാഗരമഥനം ചെയ്യുന്നതിന്റെ ആവശ്യമുണ്ട്. ധർമ്മസ്ഥാപകർ ആരുടേയും സദ്ഗതി ചെയ്യാനല്ല വരുന്നത്. ധർമ്മസ്ഥാ

പകർ വരുന്നത് ധർമ്മം സ്ഥാപിക്കാനാണ്. ജ്ഞാനസാഗരൻ ഒരാളാണ് മറ്റാരിലും ജ്ഞാനമില്ല. ഡ്രാമയിൽ ദുഃഖത്തിന്റേയും സുഖത്തിന്റേയും കളി എല്ലാവർക്കും വേണ്ടിയാണ്. ദുഃഖത്തിനേക്കാൾ കൂടുതൽ സുഖമാണ്. ഡ്രാമയിൽ പാർട്ട് അഭിനയിക്കുകയാണെങ്കിൽ തീർച്ചയായും സുഖം ഉണ്ടായിരിക്കണം. ബാബ ദുഃഖത്തിന്റെ സ്ഥാപന ചെയ്യുന്നില്ല. ബാബ എല്ലാവർക്കും സുഖം നൽകുന്നു. ലോകത്തിൽ ശാന്തി സ്ഥാപിക്കുന്നു. ദുഃഖധാമത്തിലാണെങ്കിൽ ശാന്തി ഉണ്ടാവുക സാധ്യമല്ല. തിരിച്ച് ശാന്തിധാമത്തിൽ എത്തുമ്പോഴാണ് ശാന്തി ലഭിക്കുന്നത്.

ബാബ ഇരുന്ന് മനസ്സിലാക്കിത്തരുന്നു. ഇതൊരിക്കലും മറക്കരുത് നമ്മൾ ബാബയുടെ കൂടെയാണ്, അസുരനിൽനിന്ന് ദേവതയാക്കി മാറ്റുന്നതിന് ബാബ വന്നുകഴിഞ്ഞു. ഈ ദേവതകൾ സദ്ഗതിയിലിരിക്കുമ്പോൾ മറ്റെല്ലാ ആത്മാക്കളും മൂലവതനത്തിലിരിക്കുന്നു. ഡ്രാമയിൽ ഏറ്റവും വലിയ അത്ഭുതം പരിധിയില്ലാത്ത ബാബയുടേതാണ്. ബാബ നിങ്ങളെ ബുദ്ധിവാനാക്കി മാറ്റുന്നു. പഠിപ്പിലൂടെ മാലാഖയാക്കി മാറ്റുന്നു. ഭക്തിമാർഗ്ഗത്തിൽ ഒന്നുംതന്നെ മനസ്സിലാക്കുന്നില്ല, മാല ജപിച്ചുകൊണ്ടിരിക്കുന്നു. ചിലർ ഹനുമാനെ, ചിലർ ആരെയൊക്കെയാണ് ഓർമ്മിക്കുന്നത്. അവരെ ഓർമ്മിച്ചിട്ട് എന്താണ് ലാഭം. ബാബ മഹാരഥി എന്നു പറഞ്ഞു, അവർ അതിനെ ആനയുടെ മേൽ സവാരി ചെയ്തതായി കാണിച്ചിരിക്കുന്നു. ഈ കാര്യങ്ങളെല്ലാം ബാബ തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. വലിയ വലിയ ആളുകൾ എവിടേയ്ക്ക് പോകുമ്പോഴും വരവേൽപ്പ് കൊടുക്കാറുണ്ട്. നിങ്ങൾ ആർക്കും വരവേൽപ്പ് നൽകേണ്ടതില്ല. നിങ്ങൾക്കറിയാം ഈ സമയം മുഴുവൻ വൃക്ഷവും ജീർണ്ണിച്ചിരിക്കുന്നു. വിഷത്തിൽ (വികാരം) നിന്നാണ് ജന്മം ഉണ്ടാകുന്നത്. നിങ്ങൾക്കിപ്പോൾ അറിയാം സത്യയുഗത്തിൽ വിഷത്തിന്റെ കാര്യം തന്നെയില്ല. ബാബ പറയുന്നു ഞാൻ നിങ്ങളെ കോടാനുകോടികൾക്ക് അധിപതിയാക്കി മാറ്റുന്നു. സുദാമാവ് കോടിപതിയായില്ലേ. എല്ലാവരും അവരവർക്ക് വേണ്ടിയാണ് ചെയ്യുന്നത്. ബാബ പറയുന്നു ഈ പഠിപ്പിലൂടെ നിങ്ങൾ എത്ര ഉയർന്നതായി മാറുന്നു. ഗീത എല്ലാവരും കേൾക്കുന്നു പഠിക്കുന്നു. ബ്രഹ്മാബാബയും പഠിച്ചിട്ടുണ്ടായിരുന്നു പക്ഷേ എപ്പോഴാണോ ബാബ കേൾപ്പിച്ചത് അപ്പോൾ ആശ്ചര്യമുണ്ടായി, ബാബയുടെ ഗീതയിലൂടെ സദ്ഗതിയുണ്ടായി. ഈ മനുഷ്യർ എങ്ങനെയെല്ലാമാക്കി മാറ്റിയിരിക്കുന്നു. അല്ലാഹു ഇങ്ങനെ പറഞ്ഞു എന്ന് പറയുന്നു. പക്ഷേ ഒന്നും മനസ്സിലാക്കുന്നില്ല. അല്ലാഹു ആരാണ്? ദേവീദേവതാധർമ്മത്തിലുള്ളവർതന്നെ അറിയുന്നില്ലായെങ്കിൽ പിന്നീട് വരുന്നവർ എന്തറിയും. സർവ്വശാസ്ത്രങ്ങളുടേയും ശിരോമണിയായ ഗീതതന്നെ തെറ്റായി എഴുതി അപ്പോൾ പിന്നെ ബാക്കി ശാസ്ത്രങ്ങളിൽ എന്തായിരിക്കും? ബാബ നമ്മൾ കുട്ടികളെ എന്ത് കേൾപ്പിച്ചുവോ അത് പ്രായലോപമായി. ഇപ്പോൾ നിങ്ങൾ ബാബയിൽനിന്ന് കേട്ട് ദേവതയായി മാറിക്കൊണ്ടിരിക്കുന്നു. പഴയ ലോകത്തിലെ കണക്ക് വഴക്കുകൾ എല്ലാവർക്കും അവസാനിപ്പിക്കണം. പിന്നീട് ആത്മാവ് പവിത്രമായി മാറും. അവർക്കും എന്തെങ്കിലും കണക്കുകൾ ഉണ്ടെങ്കിൽ അതും തീർപ്പാകും. നാം തന്നെയാണ് ആദ്യമാദ്യം പോകുന്നതും ആദ്യമാദ്യം വരുന്നതും. ബാക്കിയെല്ലാവരും ശിക്ഷകളനുഭവിച്ച് കണക്കുകളില്ലാതാക്കും. ഈ കാര്യങ്ങളിലേക്ക് കൂടുതൽ പോകേണ്ടതില്ല. ആദ്യം നിശ്ചയം ചെയ്യിപ്പിക്കൂ എല്ലാവരുടേയും സദ്ഗതിദാതാവ് ബാബ തന്നെയാണ്. ടീച്ചറും ഗുരുവും ആ ബാബ തന്നെയാണ്. ബാബ അശരീരിയാണ്. ബാബയിൽ എത്ര ജ്ഞാനമാണുള്ളത്, ജ്ഞാനസാഗരൻ, സുഖത്തിന്റെ സാഗരനാണ്. എത്ര മഹിമയാണ് ബാബയ്ക്കുള്ളത് ബാബയും ആത്മാവുതന്നെയാണ്. ആത്മാവുതന്നെയാണ് ശരീരത്തിൽ പ്രവേശിക്കുന്നത്. പരമപിതാപരമാത്മാവിനേയല്ലാതെ മറ്റൊരാത്മാവിന്റേയും മഹിമ ചെയ്യാൻ സാധിക്കില്ല. മറ്റെല്ലാവരും ശരീരധാരികളുടെ മഹിമ ചെയ്യും. ഇത് സുപ്രീം ആത്മാവാണ്. ശരീരമില്ലാത്ത ആത്മാവിന്റെ മഹിമ ഒരു നിരാകാരനായ ബാബയ്ക്കല്ലാതെ മറ്റാർക്കും ഉണ്ടാവുക സാധ്യമല്ല. ആത്മാവിൽത്തന്നെയാണ് ജ്ഞാനത്തിന്റെ സംസ്ക്കാരമുണ്ടാകുന്നത്. ബാബയിൽ എത്ര ജ്ഞാനത്തിന്റെ സംസ്ക്കാരമാണ്. സ്നേഹത്തിന്റെ സാഗരൻ, ജ്ഞാനത്തിന്റെ സാഗരൻ... എന്താ ഇത് ആത്മാവിന്റെ മഹിമയാണോ? ഒരു മനുഷ്യരുടേയും ആവുക സാധ്യമല്ല. കൃഷ്ണന്റേയുമല്ല. കൃഷ്ണനാണെങ്കിൽ ആദ്യത്തെ രാജകുമാരനാണ്. ബാബയിൽ മുഴുവൻ ജ്ഞാനവും ഉണ്ട് ബാബ വന്ന് കുട്ടികൾക്ക് സമ്പത്ത് നൽകുന്നു അതുകൊണ്ട് മഹിമ പാടുന്നു. ശിവജയന്തി വജ്രതുല്യമാണ്. ധർമ്മസ്ഥാപകർ വരുന്നു, എന്ത് ചെയ്യുന്നു? ക്രിസ്തു വന്ന സമയത്ത് ക്രിസ്ത്യൻസ് ഇല്ല. ആർക്ക് എന്ത് നോളേജ് കൊടുക്കും? ഇത്രയും പറയും നല്ലരീതിയിൽ നടക്കൂ. ഇതാണെങ്കിൽ ഒരുപാട് പേർ മനസ്സിലാക്കിക്കൊടുത്തുകൊണ്ടിരിക്കുന്നു. ബാക്കി സദ്ഗതിയുടെ നോളേജ് ആർക്കും നൽകാൻ സാധിക്കില്ല. അവർക്ക് അവരവരുടേതായ പാർട്ട് ലഭിച്ചിട്ടുണ്ട്. സതോ രജോ തമോവിൽ വരികതന്നെ വേണം. വരുമ്പോൾത്തന്നെ ക്രിസ്തുവിന്റെ പള്ളി എങ്ങിനെയുണ്ടാക്കും. എപ്പോഴാണോ വളരെപ്പേരാകുന്നത്, ഭക്തിയുണ്ടാകുന്നത് അപ്പോൾ പള്ളികളുണ്ടാക്കും. അതിന് വളരെ പണം വേണം. യുദ്ധത്തിനും പൈസ വേണം. അതുകൊണ്ട് ബാബ പറയുന്നു ഇത് മനുഷ്യസൃഷ്ടിയുടെ വൃക്ഷമാണ്. വൃക്ഷം എപ്പോഴെങ്കിലും ലക്ഷം വർഷങ്ങളുടേതായി ഉണ്ടാകുമോ. കണക്കെടുക്കാൻ സാധിക്കില്ല. ബാബ പറയുന്നു – അല്ലയോ കുട്ടികളേ, നിങ്ങൾ എത്ര വിവേകശൂന്യരായി മാറിയിരുന്നു.

ഇപ്പോൾ നിങ്ങൾ വിവേകശാലികളായി മാറിക്കൊണ്ടിരിക്കുന്നു. ആദ്യമേ രാജ്യം ഭരിക്കുന്നതിന് തയ്യാറായാണ് നിങ്ങൾ വരുന്നത്. അവർ ഒറ്റയ്ക്കു വരുന്നു പിന്നീട് വൃദ്ധിയുണ്ടാകുന്നു. വൃക്ഷത്തിന്റെ ഫൗണ്ടേഷൻ ദേവീ ദേവതാധർമ്മമാണ്, അതിൽനിന്ന് പിന്നീട് 3 ശിഖിരങ്ങൾ ഉണ്ടാകുന്നു. പിന്നീട് ചെറിയ ചെറിയ മഠങ്ങൾ മുതലായവ ഉണ്ടാകുന്നു. വൃദ്ധി ഉണ്ടാകുന്നു പിന്നീട് അവരുടെ മഹിമയും വർദ്ധിക്കുന്നു. പക്ഷേ പ്രയോജനം ഒന്നും തന്നെയില്ല. എല്ലാവർക്കും താഴെ വരികതന്നെ വേണം. നിങ്ങൾക്കിപ്പോൾ മുഴുവൻ ജ്ഞാനവും ലഭിച്ചുകൊണ്ടിരിക്കുന്നു. പറയാറുണ്ട് ഈശ്വരൻ ജ്ഞാനസാഗരനാണ്. പക്ഷേ ജ്ഞാനം എന്താണ്. ഇതാർക്കും അറിയില്ല. നിങ്ങൾക്കിപ്പോൾ ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുന്നു. ഭാഗ്യശാലിയായ രഥം തീർച്ചയായും വേണം. ബാബ സാധാരണ ശരീരത്തിലാണ് വരുന്നത് അപ്പോഴാണ് ബ്രഹ്മാബാബ ഭാഗ്യശാലിയായി മാറുന്നത്. സത്യയുഗത്തിൽ എല്ലാവരും കോടാനുകോടി ഭാഗ്യശാലികളാണ്. നിങ്ങൾക്കിപ്പോൾ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിക്കുന്നു. ഇതിലൂടെ നിങ്ങൾ ലക്ഷ്മീനാരായണനായി മാറുന്നു. ജ്ഞാനം ഒരേയൊരുപ്രാവശ്യമാണ് ലഭിക്കുന്നത്. ഭക്തിയിൽ അലഞ്ഞുതിരിയുന്നു. അന്ധകാരമാണ്. ജ്ഞാനമാണ് പകൽ, പകലിൽ അലച്ചിലില്ല. ബാബ പറയുന്നു വീട്ടിൽ വേണമെങ്കിൽ ഗീതാപാഠശാല തുറക്കൂ. വളരെപ്പേർ ഇങ്ങനെയുമുണ്ട് അവർ പറയും ഞങ്ങൾ ജ്ഞാനം എടുക്കുന്നില്ല മറ്റുള്ളവർക്കുവേണ്ടി സ്ഥലം കൊടുക്കുന്നു. ഇതും നല്ലതാണ്.

ഇവിടെ വളരെ സൈലൻസ് ഉണ്ടാകണം. ഇതാണ് പവിത്രത്തിലും പവിത്രമായ ക്ലാസ്സ്. ഇവിടെ ശാന്തിയോടുകൂടി നിങ്ങൾ ബാബയെ ഓർമ്മിക്കുന്നു. നമുക്കിപ്പോൾ ശാന്തിധാമത്തിലേക്ക് പോകണം. അതുകൊണ്ട് ബാബയെ വളരെ സ്നേഹത്തോടെ ഓർമ്മിക്കണം. നാം സത്യയുഗത്തിൽ 21 ജന്മത്തേക്ക് സുഖവും ശാന്തിയും നേടുന്നു. പരിധിയില്ലാത്ത ബാബയാണ് പരിധിയില്ലാത്ത സമ്പത്ത് നൽകുന്നത്. അതുകൊണ്ട് ഇങ്ങനെയുള്ള ബാബയെ ഫോളോ ചെയ്യണം. അഹങ്കാരം വരരുത്. അത് വീഴ്ത്തും. വളരെ ധൈര്യമുള്ള അവസ്ഥയുണ്ടാകണം. ശാഠ്യമല്ല. ദേഹാഭിമാനത്തെയാണ് ശാഠ്യമെന്ന് പറയുന്നത്. വളരെ മധുരമായി മാറണം. ദേവതകൾ എത്ര മധുരമാണ്. എത്ര ആകർഷിക്കുന്നു. ബാബ നിങ്ങളെ ഇങ്ങനെയാക്കി മാറ്റുന്നു. അപ്പോൾ ഇങ്ങനെയുള്ള ബാബയെ എത്ര ഓർമ്മിക്കണം. അതുകൊണ്ട് കുട്ടികൾ ഈ കാര്യങ്ങൾ ഇടയ്ക്കിടക്ക് സ്മരിച്ച് ഹർഷിതമായിരിക്കണം. മമ്മാ-ബാബയ്ക്ക് നിശ്ചയമുണ്ട് നമ്മൾ ഈ ശരീരം ഉപേക്ഷിച്ച് ഈ ലക്ഷ്മീനാരായണനായി മാറും. മുഖ്യമായ ലക്ഷ്യത്തിന്റെ ചിത്രം ആദ്യമാദ്യം നോക്കണം. മനുഷ്യരെ പഠിപ്പിക്കുന്നത് ദേഹധാരി ടീച്ചറാണ്. ഇവിടെ പഠിപ്പിക്കുന്ന ബാബ നിരാകാരനായ അച്ഛനാണ്, ബാബ ആത്മാക്കളെ പഠിപ്പിക്കുന്നു. ഇത് ചിന്തിക്കുന്നതിലൂടെ സന്തോഷം ഉണ്ടാകുന്നു. ഇവർക്ക് ഈ ലഹരിയുണ്ടാകും അതായത് ബ്രഹ്മാവ് തന്നെ വിഷ്ണു, വിഷ്ണു തന്നെ ബ്രഹ്മാവ് എങ്ങനെയായി മാറും. ഈ അതിശയകരമായ കാര്യങ്ങൾ നിങ്ങൾതന്നെയാണ് കേൾക്കുന്നതും, ധാരണ ചെയ്യുന്നതും കേൾപ്പിക്കുന്നതും. ബാബ എല്ലാവരേയും വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. ബാക്കി ഇത് മനസ്സിലാക്കാൻ സാധിക്കും രാജ്യത്തിന് യോഗ്യർ ആരെല്ലാമാകും. ബാബയുടെ കടമയാണ് കുട്ടികളെ ഉയർത്തുക. ബാബ എല്ലാവരേയും വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. ബാബ പറയുന്നു ഞാൻ വിശ്വത്തിന്റെ അധികാരിയായി മാറുന്നില്ല. ബാബ ഇരുന്ന് ഈ മുഖത്തിലൂടെ ജ്ഞാനം കേൾപ്പിക്കുന്നു. ആകാശവാണിയെന്ന് പറയാറുണ്ട് പക്ഷേ അർത്ഥം മനസ്സിലാക്കുന്നില്ല. സത്യമായ ആകാശവാണി ഇതാണ് ബാബ വന്ന് ഈ ഗോമുഖത്തിലൂടെ അത് കേൾപ്പിക്കുന്നു. ഈ മുഖത്തിലൂടെയാണ് വാക്കുകൾ വരുന്നത്.

കുട്ടികൾ വളരെ മധുരമാണ്. പറയുന്നു ബാബാ ഇന്ന് ടോളി കഴിപ്പിക്കൂ. വളരെ മധുരമായ കുട്ടികളാണ്. നല്ല കുട്ടികൾ പറയും നാം കുട്ടികളുമാണ് ഒപ്പം സേവകരുമാണ്. കുട്ടികളെ കാണുമ്പോൾ ബാബയ്ക്ക് വളരെയധികം സന്തോഷമുണ്ടാകുന്നു. സമയം വളരെ കുറച്ചേയുള്ളു എന്ന് കുട്ടികൾക്കറിയാം. ഇത്രയും ബോംബുകൾ ഉണ്ടാക്കിയിരിക്കുന്നു. അതെല്ലാം വെറുതെ കളയുമോ? എന്താണോ കൽപം മുമ്പുണ്ടായിരുന്നത് അത് വീണ്ടുമുണ്ടാകും. വിശ്വത്തിൽ ശാന്തി വേണമെന്ന് ആഗ്രഹിക്കുന്നു പക്ഷേ അത് സാധ്യമല്ല. വിശ്വത്തിൽ ശാന്തി നിങ്ങൾ സ്ഥാപിക്കുന്നു. നിങ്ങൾക്കുതന്നെയാണ് വിശ്വത്തിന്റെ ചക്രവർത്തീപദവിയുടെ സമ്മാനം ലഭിക്കുന്നത്. നൽകുന്നത് ബാബയാണ്. യോഗബലത്തിലൂടെ നിങ്ങൾ വിശ്വത്തിന്റെ ചക്രവർത്തീപദവി നേടുന്നു. ബാഹുബലത്തിലൂടെ വിശ്വത്തിന്റെ നാശമുണ്ടാകുന്നു. സൈലൻസിലൂടെ നിങ്ങൾ വിജയം പ്രാപ്തമാക്കുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) തന്റെ അവസ്ഥയെ വളരെ ധൈര്യമുള്ളതാക്കി മാറ്റണം. ബാബയെ ഫോളോ ചെയ്യണം. ഒരു കാര്യത്തിലും അഹങ്കാരം കാണിക്കരുത്. ദേവതകളെപ്പോലെ മധുരമായി മാറണം.

2) സദാ ഹർഷിതരായിരിക്കുന്നതിനുവേണ്ടി ജ്ഞാനത്തെ സ്മരിച്ചുകൊണ്ടിരിക്കൂ. വിചാരസാഗരമഥനം ചെയ്യൂ. നമ്മൾ ഭഗവാന്റെ കുട്ടികളുമാണ്, സേവകരുമാണ് - ഈ സ്മൃതിയിലൂടെ സേവയിൽ തൽപരരായിരിക്കൂ.

## വരദാനം:- മൻമനാഭവയോടൊപ്പം മദ്ധ്യാജി ഭവയുടെ മന്ത്ര സ്വരൂപത്തിൽ സ്ഥിതി ചെയ്യുന്ന മഹാൻ ആത്മാവായി ഭവിക്കൂ

താങ്കൾ കുട്ടികൾക്ക് മൻമനാഭവയോടൊപ്പം മദ്ധ്യാജി ഭവയുടെയും വരദാനമുണ്ട്. തന്റെ സ്വർഗ്ഗത്തിന്റെ സ്വരൂപം സ്മൃതിയിൽ ഉണ്ടായിരിക്കണം ഇതിയാണ് പറയുന്നത് മദ്ധ്യാജി ഭവ. ആരാണോ തന്റെ ശ്രേഷ്ഠ പ്രാപ്തികളുടെ ലഹരിയിൽ കഴിയുന്നത് അവർക്കാണ് മദ്ധ്യാജി ഭവയുടെ മന്ത്ര സ്വരൂപത്തിൽ സ്ഥിതി ചെയ്യാൻ സാധിക്കുന്നത്. ആരാണോ മദ്ധ്യാജി ഭവയായിട്ടുള്ളത് അവർ മൻമനാഭവ ആയിരിക്കുക തന്നെ ചെയ്യും. ഇങ്ങനെയുള്ള കുട്ടികളുടെ ഓരോ സങ്കൽപവും, ഓരോ വാക്കും, ഓരോ കർമ്മവും മഹത്തര മാകുന്നു. സ്മൃതി സ്വരൂപമാകുകയെന്നാൽ മഹാൻ ആത്മാവാകുക.

## സ്ലോഗൻ:- സന്തോഷം താങ്കളുടെ വിശേഷ ഖജനാവാണ്, ഈ ഖജനാവിനെ ഒരിക്കലും ഉപേക്ഷിക്കരുത്.